(ബി) കെട്ടിട നിർമ്മാണ സാമഗ്രികളുടെ ദൗർലഭ്യവും വില വർദ്ധനവും കെട്ടിട നിർമ്മാണത്തൊഴിലാളികളുടെ കുറവും വർദ്ധിച്ച കൂലിയും കാരണം കെട്ടിട നിർമ്മാണ ചെലവ് ദിനംപ്രതി വർദ്ധിച്ചുവരുന്നതിനാൽ കെട്ടിട നിർമ്മാണത്തിന് നൂതനമായ സാങ്കേതിക വിദ്യകൾ പ്രാവർത്തികമാക്കുവാൻ ശ്രമിക്കുന്നതിന്റെ ഭാഗമായി GFRG (Glass Fibre re-inforced Gypsum) പാനൽ ഭവന നിർമ്മാണ ബോർഡ് നിർമ്മിക്കുന്ന പദ്ധതികൾക്കും പ്രയോജനപ്പെടുത്തുന്നതിന്റെ തുടക്കമായി ബോർഡ് നടപ്പിലാക്കിവരുന്ന ചോറ്റാനിക്കര സാഫല്യം ഭവന പദ്ധതിക്ക് ഈ വിദ്യ നടപ്പിലാക്കുന്നുണ്ട്. ഇനി തുടങ്ങുന്ന പദ്ധതികളിലും ഇതിന്റെ പ്രായോഗികതയുടെ അടിസ്ഥാനത്തിൽ ഇത്തരം നിർമ്മാണരീതി അവലംബിക്കുന്നതാണ്.

സങ്കേതം ഭവന പദ്ധതി

143(2132) ശ്രീ. പി. എ. മാധവൻ :

ശ്രീ. ടി. എൻ. പ്രതാപൻ :

ശ്രീ. പാലോട് രവി :

ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സങ്കേതം ഭവന പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതിവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(സി) വരുമാനം കുറഞ്ഞവർക്കായി, സർക്കാർ സബ്സിഡിയോടുകൂടി ഫ്ലാറ്റ് സമുച്ചയങ്ങൾ നിർമ്മിച്ച് നൽകുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 2012 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിലൂടെ പ്രഖ്യാപിച്ച സങ്കേതം ഭവന പദ്ധതിക്ക് 8-5-2013-ലെ സ.ഉ. (എംഎസ്.) നമ്പർ 15/2013/ഭവനം ഉത്തരവിലൂടെ തത്വത്തിൽ അംഗീകാരം നൽകി ഉത്തരവായിട്ടുണ്ട്.

(ബി&സി) ഇച്ചുവരുമാനക്കാർക്കായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ ഗുണഭോക്തൃ വിഹിതവും സർക്കാർ സബ്സിഡിയും ഉപയോഗിച്ച് ഫ്ലാറ്റുകൾ നിർമ്മിച്ചുനൽകാൻ ഉദ്ദേശിച്ചുകൊണ്ടുള്ള പദ്ധതിയാണിത്. പദ്ധതി നടപ്പിലാക്കുന്നതിന് പഞ്ചായത്ത് ഭൂമി അനുവദിക്കുമ്പോൾ അതിൽ 400 ച.അടി വിസ്തീർണ്ണം വരുന്ന ഫ്ലാറ്റുകളാണ് നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നത്. ഒരു ഫ്ലാറ്റിന്റെ നിർമ്മാണച്ചെലവായ 5 ലക്ഷം രൂപയിൽ 2 ലക്ഷം രൂപ സർക്കാർ സബ്സിഡിയും 2 ലക്ഷം രൂപ പഞ്ചായത്തുകൾ വായ്പയായി സമാഹരിക്കുന്ന തുകയും ഒരു ലക്ഷം രൂപ ഗുണഭോക്തൃ വിഹിതവുമാണ്. ഫ്ലാറ്റുകൾ പൂർത്തിയാകുന്ന മുറയ്ക്ക് ഗുണഭോക്താവിന് അലോട്ട് ചെയ്യുന്നതിനായി അതാത് പഞ്ചായത്തിനുതന്നെ കൈമാറുന്നതും ഗുണഭോക്താവ് വായ്പ തിരിച്ചടവിനായി പഞ്ചായത്തുമായി കരാറിലേർപ്പെട്ടശേഷം ഫ്ലാറ്റുകൾ സ്വന്തമാക്കാവുന്നതുമാണ്.

(ഡി)പ്രസ്തുത പദ്ധതി നടത്തിപ്പിനായി പഞ്ചായത്തുകളുമായി ബന്ധപ്പെട്ട് പദ്ധതി ഭൂമി ലഭ്യമാക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവെങ്കിലും അനുയോജ്യമായ ഭൂമി ലഭ്യമായിട്ടില്ല.

ചാലക്കുടി ടൗണിലെ വർക്കിംഗ് വിമെൻസ് ഹോസ്റ്റൽ നിർമ്മാണം

144(2133) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടി ടൗണിൽ ഹൗസിംഗ് ബോർഡ് വക സ്ഥലത്ത് അനുവദിച്ചിട്ടുള്ള വർക്കിംഗ് വിമൺസ് ഹോസ്റ്റലിന്റെ നിർമ്മാണം ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ ;

(ബി) പ്രസ്തുത നിർമ്മാണം ഇനിയും ആരംഭിച്ചിട്ടില്ലെങ്കിൽ ആരംഭിക്കുന്നതിന് ആശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ ?